# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 782** **5.06.2018 -ൽ മറുപടിയ്ക്ക്**

### ജടായുപാറ ടൂറിസം പദ്ധതി

ചോദ്യം
ശ്രീ.എം. വിൻസെന്റ് :

മറുപടി
ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ടൂറിസം പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും പൂർത്തിയാക്കുന്നതിനും ഗുണനിലവാരം ഉയർത്തുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിനോദ സഞ്ചാര വകുപ്പിന്റെ ഓരോ പദ്ധതി കളുടെയും സൂക്ഷ്മമായ അവലോകനം ജില്ല തിരിച്ച് കാലാകാലങ്ങളിൽ നടത്തി വരുന്നു. 6 മാസത്തിലൊരിക്കൽ മന്ത്രി തലത്തിലും അവലോകന യോഗങ്ങൾ ചേരുന്നുണ്ട്. കൂടാതെ ഓരോ മൂന്നു മാസ ത്തിലൊരിക്കൽ ഉദ്യോഗസ്ഥ തലത്തിൽ പദ്ധതി അവലോകന യോഗങ്ങൾ കൂടുകയും, പ്രസ്തുത യോഗത്തിൽ പദ്ധതി നടത്തിപ്പ് സംബന്ധിച്ചും, പദ്ധതി കളുടെ പുരോഗതി, കാര്യക്ഷമത തുടങ്ങിയ ഘടകങ്ങൾ പരിശോധിച്ച് പദ്ധതി നിർവ്വഹണ ഏജൻസികളുടെ കാര്യക്ഷമത വിലയിരുത്തി പദ്ധതികൾ കുറ്റമറ്റതായ രീതിയിൽ യഥാസമയം പൂർത്തീകരിക്കുന്നതിനു വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യാറുണ്ട്. വിനോദ സഞ്ചാര വകുപ്പിന്റെ പദ്ധതികളുടെ പുരോഗതിയും, കാര്യക്ഷമതയും വിലയിരുത്തുന്നതിനും പദ്ധതികൾ യഥാസമയം പൂർത്തിയാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുന്നതിനുമായി ബന്ധപ്പെട്ട വകുപ്പിന്റെ റീജിയണൽ ജോയിന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ, തസ്തികയിലുള്ള ഓഫീസർമാർ, പ്രോജക്ട് എഞ്ചിനീയർ എന്നിവരുടെ സേവനം എല്ലാ ജില്ലകളിലും ഉറപ്പു വരുത്തിയിട്ടുണ്ട്.<br>അതാത് ടൂറിസം ഡെസ്റ്റിനേഷനിലെ പ്രവർത്തന പുരോഗതികൾ വിലയിരുത്തുന്നതിന് ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്.<br>വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസന വും, സുസ്ഥിരമായ സംരക്ഷണവും |

| | | | |
|---|---|---|---|
| | | | ലക്ഷ്യമിടുന്ന ഗ്രീൻ കാർപ്പറ്റ് പദ്ധതിയിൽ പദ്ധതി പ്രവർത്തനം വിലയിരുത്തുന്നതിനായി ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥരെ ഡെസ്റ്റിനേഷൻ മാനേജർമാരായി ചുമതലപ്പെടുത്തിയിട്ടുണ്ട്.<br>14 ജില്ലകളിലെയും പദ്ധതികളുടെ പൂർത്തീകരണം കൃത്യമായി മോണിറ്റർ ചെയ്യുന്നതിന് ടൂറിസം ഡയറക്ടറേറ്റിൽ ഒരു പ്രോജക്ട് മോണിറ്ററിംഗ് സെൽ പ്രവർത്തിച്ചു വരുന്നു. കൂടാതെ ടൂറിസം പദ്ധതികൾ മോണിറ്റർ ചെയ്യുന്നതിനായി അതത് എം.എൽ.എ ചെയർമാനായി അസംബ്ലി നിയോജക മണ്ഡലാടിസ്ഥാനത്തിൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റികൾ പദ്ധതികൾ അവലോകനം ചെയ്യുന്നുണ്ട്. |
| ബി) | കൊല്ലം ജില്ലയിലെ ചടയമംഗലത്തുള്ള ജടായുപാറ ടൂറിസം പദ്ധതി പൂർത്തിയായിട്ടുണ്ടോ; എന്തൊക്കെ സൗകര്യങ്ങളാണ് പ്രസ്തുത സ്ഥലത്ത് ഏർപ്പെടുത്തിയിട്ടുള്ളത്; പ്രസ്തുത ടൂറിസം കേന്ദ്രത്തിന് ദേശീയ തലത്തിൽ ശ്രദ്ധ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ബി) | സംസ്ഥാന ടൂറിസം വകുപ്പും ഗുരുചന്ദ്രികാ ബിൽഡേഴ്സും ചേർന്നുള്ള ഒരു ppp പദ്ധതിയായിട്ടാണ് ഇതു വിഭാവനം ചെയ്തിട്ടുള്ളത്. ഇതിനായുള്ള അടിസ്ഥാന സൗകര്യങ്ങൾ സംസ്ഥാന സർക്കാർ വികസിപ്പിച്ചു നൽകുകയും ഇതര സൗകര്യങ്ങൾ ഗുരുചന്ദ്രികാ ബിൽഡേഴ്സ് സ്വന്തം ചെലവിൽ വികസിപ്പിച്ചു വരികയുമാണ്. ഈ പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ ഉത്ഘാടനം ജൂലൈ മാസത്തിൽ പ്രതീക്ഷിക്കുന്നു ഈ പദ്ധതിയുടെ ഭാഗമായി ജഡായു ശിൽപ്പം, കേബിൾ കാർ, സാഹസിക വിനോദങ്ങൾക്കായി അഡ്വഞ്ചർ സോൺ എന്നിവ ഒരുക്കിയിട്ടുണ്ട്.ഈ പദ്ധതി സംബന്ധിച്ച് ദേശീയ തലത്തിലും ആഗോള തലത്തിലും വിപണന തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ